പ്ലാന്റേഷൻ ഏരിയായിൽനിന്നും ഒഴിപ്പിക്കൽ നടപടികൾ.

28. [14] ശ്രീ. പി. ആർ. മാധവൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിത്തിരപുരം, നേരിയമംഗലം, വെള്ളത്തൂവൽ തുടങ്ങിയ പ്ലാന്റേഷൻ ഏരിയാകളിൽ നിന്നു മുന്നൂറോളം കുടിയാന്മാരെ ഒഴിപ്പിക്കാൻ നോട്ടീസു നൽകിയിട്ടുണ്ടോ, ഉണ്ടെങ്കിൽ എന്നു്, എന്തു കാരണത്തിന്മേൽ;

(ബി) ഒഴിപ്പിക്കൽ നടപടി ഒഴിപ്പിക്കപ്പെടുന്നവർക്കു് മറ്റു ഭൂമി നൽകിയതിനുശേഷം മാത്രം തുടരാൻ ഉദ്ദേശമുണ്ടാകുമോ?

ഉത്തരം.

(എ) ഡിപ്പാർട്ടുമെന്റു സ്ഥലങ്ങളിൽ പാട്ടത്തിനു കൊടുത്തിട്ടുള്ളതു് ഒരു കൊല്ലത്തെ കാലാവധിയിലും, ഡിപ്പാർട്ടുമെന്റിനു യുക്തമെന്നു തോന്നുന്നപക്ഷം പുതുക്കാനുള്ള വ്യവസ്ഥയിലുമാണു്. അങ്ങനെകൊടുത്തിട്ടുള്ള സ്ഥലങ്ങളിൽ സ്ഥിരം കൈവശാവകാശവും നഷ്ടപരിഹാരവും ആവശ്യപ്പെടാനുള്ള അവകാശം പാട്ടക്കാർക്കില്ല. പാട്ടത്തിന്റെ കാലാവധി അവസാനിച്ചുതോടുകൂടി അവരെ ഒഴിപ്പിക്കേണ്ടിവന്നിട്ടുള്ളതു് ഡിപ്പാർട്ടുമെന്റാവശ്യത്തിലേയ്ക്കു വേണ്ടിയാണു്.

(ബി) നേരിയമംഗലം ഏരിയായിൽനിന്നും ഒഴിപ്പിക്കപ്പെട്ടവർക്കു് മറ്റു ഭൂമി നൽകുന്നതിനു് നടപടി എടുക്കുന്നുണ്ടു്.

UNSTARRED QUESTIONS POSTED FOR ANSWER ON 29-2-1956.

കാളേജുകൾ.

29. [1] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള കാളേജുകളുടെ എണ്ണം എത്ര; ഇവയിൽ ഗവണ്മെന്റു് കാളേജു് എത്ര; പ്രൈവറ്റു് എത്ര;

(ബി) ആയുർവ്വേദ കാളേജിനുവേണ്ടി ആകെ ചെലവായ്ട്ടുള്ള സംഖ്യ എത്ര;

(സി) ഈ കാളേജിൽ ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ എത്ര; ഇവരിൽ ഡിപ്ലോമാ കോഴ്സിനു് പഠിക്കുന്നവർ എത്ര; ഡിഗ്രിയ്ക്കു് പഠിക്കുന്നവർ എത്ര;

(ഡി) ഇതിൽ എത്ര് വിദേശത്തിൽപ്പെട്ടവരാണു് കാളേജുപഠിപ്പു് മുടക്കിക്കൊണ്ടിരിക്കുന്നതു്;

(ഇ) അതിനുള്ള കാരണം എന്താണു്?

ഉത്തരം.

(എ) ആകെ 49. യൂനിവേഴ്സിറ്റി നടത്തുന്ന കാളേജുകൾ 11. ഗവണ്മെന്റു് കാളേജുകൾ 6. പ്രൈവറ്റു് കാളേജുകൾ 32.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1955 ഡിസംബർ അവസാനംവരെ കെട്ടിടംപണിക്കു വേണ്ടി 4,44,850 രൂപ ചെലവായിട്ടുണ്ട്. മറ്റു ചെലവുകൾ ഉൾപ്പെടെ 5.5 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(സി) ആകെ 238. ഡിപ്ലോമയ്ക്ക് പഠിക്കുന്നവർ 138. ഡിഗ്രിയ്ക്ക് പഠിക്കുന്നവർ 100.

(ഡി) രണ്ടു വിഭാഗത്തിൽപെട്ടവരും ഇപ്പോൾ പഠിപ്പ് മുടക്കിക്കൊണ്ടിരിക്കുകയാണ്.

(ഇ) ഡിഗ്രി കോഴ്സ് വിദ്യാർത്ഥികൾ ഉന്നയിച്ചിരിക്കുന്നതും രേഖാമൂലം അറിയിച്ചിട്ടുമായ കാരണങ്ങൾ താഴെ പറയുന്നവയാണ്.

1. ആയുർവ്വേദവും അലോപ്പതിയും അഭ്യസിക്കുന്ന വിദ്യാർത്ഥികളെ രണ്ടും പ്രാക്റ്റീസ് ചെയ്യുവാൻ അനുവദിക്കുക.
2. ആയുർവ്വേദ ഫാക്കൽറ്റിയും ഇൻഡ്യൻ മെഡിസിൻ കൗൺസിലും നിർദ്ദേശിച്ചിട്ടുള്ള യോഗ്യതയോടുകൂടിയ അദ്ധ്യാപകരെ നിയമിക്കുക.
3. ആയുർവ്വേദത്തിലും അലോപ്പതിയിലും പ്രസവസംബന്ധമായും മറ്റു രീതിയിലുമുള്ള ശസ്ത്രക്രിയകൾ ഡിഗ്രി കോഴ്സിന്റെ സിലബസ്സിൽ ഉൾപ്പെടുത്തിയിരിക്കുന്നതുകൊണ്ട് B. A. M. & S. എന്ന ഫാക്കൽറ്റി ചെയ്യ ഭാഗം അംഗീകരിക്കുക.
4. സ്ഥിരം പ്രിൻസിപ്പാളിനെ ഉടനെ നിയമിക്കുക.
5. ആധുനിക വിഷയങ്ങൾ പഠിപ്പിക്കുന്നതിനു യോഗ്യതയുള്ള അദ്ധ്യാപകരെ ഉടനടി നിയമിക്കുക.

ഡിപ്ലോമാ കോഴ്സ് വിദ്യാർത്ഥികൾ എഴുതിത്തന്ന ഡിമാൻഡ്സ് താഴെ ചേർക്കുന്നു :—

1. സിലബസ്സ് അനുസരിച്ച് പഠിപ്പിക്കുക.
2. യോഗ്യതയുള്ള അദ്ധ്യാപകരെ നിയമിക്കുക.
3. രണ്ട് സിസ്റ്റത്തിലും പ്രാക്റ്റീസ് അനുവദിക്കുക.
4. ഡി. എ. പോലെ എസ്സ്. അംഗീകരിക്കുക.
5. സ്റ്റാഫുസ് നിർണ്ണയിക്കുക.
6. സ്റ്റൈപ്പൻഡ് അനുവദിക്കുക.

Manure Distribution.

30. [3] SHRI K. SATTANATHA KARAYALAR: Will the Minister for Health be pleased to state :

(a) the quantity and value of manure that has been distributed at concessional rates to the agriculturists in each taluk during 1954–55 and during this financial year ; and

(b) the quantity and value of manure that is in stock with the Government ?

LIBRARY ARCHIVES Kerala Legislative Assembly